നെപ്പറ്റി വല്ല ആക്ഷേപവുമുണ്ടോ; ഉണ്ടെങ്കിൽ എന്താണു്; അതിനെപ്പറ്റി എന്തു നടപടി നടത്തി; തിരഞ്ഞെടുപ്പു് എന്നാണു് ഉണ്ടായതു്; അതിൽ ജയിച്ചതു് ആരാണു്?

മിസ്റ്റർ പി. വി. റാഫേൽ.—പ്രസിഡെണ്ടിന്റെ കാലാവധി കഴിഞ്ഞതിനുശേഷം വേറെ പ്രസിഡെണ്ടിനെ തിരഞ്ഞെടുത്തിട്ടില്ല. എന്നാൽ തിരഞ്ഞെടുപ്പു നടത്താത്തതിനെ ആക്ഷേപിച്ചു ഹർജി കിട്ടീട്ടുണ്ടായിരുന്നു. മെമ്പർമാരുടെ തിരഞ്ഞെടുപ്പു കാര്യത്തിൽ കിട്ടീട്ടുള്ള ആക്ഷേപങ്ങളെപ്പറ്റി തീർപ്പു ചെയ്യാത്തതിനാലും ഒഴിവുള്ള ഒരു മെമ്പറെ നോമിനേറ്റു ചെയ്തിട്ടില്ലാത്തതിനാലും പ്രസിഡെണ്ടു തിരഞ്ഞെടുപ്പു നടത്തുവാൻ സാധിച്ചിട്ടില്ല.

Complaints against Panchayat elections conducted by Tahsildars.

56. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ ചോദ്യത്തിനു ദയവായി മറുപടി പറയാമോ.—

താസിൽദാർമാർ നടത്തിയ പഞ്ചായത്തു തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു ഫാറം വ-ലും ഫാറം ൻ-ലും എത്ര ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ടു്; അന്വേഷണം നടത്തി എത്ര തിരഞ്ഞെടുപ്പുകളാണു് രണ്ടാമതു നടത്തുവാൻ കല്പിച്ചിട്ടുള്ളതു്; ആ പഞ്ചായത്തുകളുടെ പേരു് എന്താണു്?

മിസ്റ്റർ പി. വി. റാഫേൽ.—ഫാറം വ-ൽ രണ്ടും, ഫാറം ൻ-ൽ മൂന്നും ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ടു്. ഫാറം വ-ലും, ഫാറം ൻ-ലും ഓരോ തിരഞ്ഞെടുപ്പുകൾ രണ്ടാമതു നടത്തുവാൻ കല്പിച്ചിട്ടുണ്ടു്. അയതു് ഒല്ലൂക്കര പഞ്ചായത്തിലും വെള്ളാരപ്പിള്ളി പഞ്ചായത്തിലുമാണു്.

Parappukara Ayurvedic dispensary—shifting of.

57. Mr. T. A Ramachandra Ayyar.—Will the Government be pleased to state:—

(a) whether there is a proposal to shift the Parappukara Ayurvedic dispensary from its present place;

(b) was there any protest from the public regarding this;

(c) which is the place to which it is proposed to be shifted;

(d) how many private dispensaries are there near this place;

(e) what are the reasons for this shifting;

(f) will they be pleased to place the connected file on the table?

Mr. P. V. Raphael.—(a) Yes.

(b) Yes.

(c) Nandikara.

(d) There is no definite information. There is, however one at this place.

LIBRARY ARCHIVES Kerala Legislative Assembly